**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2480**

**13.02.2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്.**

## വ്യവസായ സംരംഭകർക്കായുള്ള സ്ഥലം

**ചോദ്യം**

**ശ്രീ. സി. ദിവാകരൻ**
**,, ഇ.കെ. വിജയൻ**
**,, ജി.എസ്. ജയലാൽ**
**,, കെ. രാജു**

**മറുപടി**

**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)**

(എ) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിന് സ്ഥലം അനുവദിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഒന്നും ചെയ്യാതിരിക്കുന്ന എത്ര നിക്ഷേപകരുണ്ട്;

(എ) : വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളിൽ 131 നിക്ഷേപകരും സിഡ്കോയുടെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളിലെ വ്യവസായ എസ്റ്റേറ്റിൽ 15 നിക്ഷേപകരും മിനി വ്യവസായ എസ്റ്റേറ്റുകളിൽ 29 നിക്ഷേപകരും വ്യവസായ പാർക്കുകളിൽ 23 നിക്ഷേപകരും, കിൻഫ്രയുടെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളിൽ 13 നിക്ഷേപകരും വ്യവസായം നടത്താതെയുണ്ട്.

(ബി) ഇത്തരം വ്യവസായസംരംഭകർക്കായി മൊത്തം എത്ര സ്ഥലം എത്രപേർക്കായി അനുവദിച്ചു; ഇതിൽ എത്ര സ്ഥലം എത്രപേർ പ്രയോജനപ്പെടുത്തി;

(ബി) : വ്യവസായ വാണിജ്യ ഡയറക്ടർ മൊത്തം 243.61 ഏക്കർ സ്ഥലം 367 സംരംഭകർക്കായി അനുവദിക്കുകയും 153 പേർ 65.4 ഏക്കർ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ 1822.804 സെന്റ് സ്ഥലം 167 പേർക്കായി അനുവദിച്ചതിൽ 146 പേർ 1634.754 സെന്റ് സ്ഥലവും മിനി വ്യവസായ എസ്റ്റേറ്റിൽ 36.85 ഏക്കർ സ്ഥലം 323 പേർക്കായി അനുവദിച്ചതിൽ 294 പേർ 34 ഏക്കർ സ്ഥലവും വ്യവസായ പാർക്കുകളിൽ 38.17 ഏക്കർ സ്ഥലം 142 പേർക്കായി

അനുവദിച്ചതിൽ 119 പേർ 33.5 ഏക്കർ സ്ഥലവും പ്രയോജനപ്പെടുത്തി.

കെ.എസ്.ഐ.ഡി.സി യുടെ നിയന്ത്രണത്തിലുള്ള 235.5 ഏക്കർ സ്ഥലം 68 പേർക്കായി അനുവദിച്ച അലോട്ട് ചെയ്ത സ്ഥലങ്ങളിൽ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുകയോ പദ്ധതികൾ നിർമ്മാണ ഘട്ടത്തിലോ ആണ്.

കിൻഫ്രയുടെ നിയന്ത്രണത്തിലുള്ള 1860.89 ഏക്കർ സ്ഥലം 630 പേർക്ക് അനുവദിച്ചതിൽ 494 പേർ 1648 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) സ്ഥലം പ്രയോജനപ്പെടുത്താത്തവരിൽ നിന്നും ഈ ഭൂമി തിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര ഭൂമി തിരിച്ചെടുത്തു; ഇനി എത്ര ഭൂമി തിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ? :

(സി) : വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ 60.845 ഏക്കർ സ്ഥലം തിരിച്ചു പിടിച്ചു. 117.76 ഏക്കർ ഭൂമി തിരിച്ചെടുക്കാനുണ്ട്.

സിഡ്കോയുടെ നിയന്ത്രണത്തിൽ ഉള്ള വ്യവസായ എസ്റ്റേറ്റിൽ 130.29 സെന്റ് സ്ഥലവും 3 ഷെഡ്ഡും പിടിച്ചെടുത്തു. 220.21 സെന്റ് ഭൂമി തിരിച്ചെടുക്കാനുണ്ട്. മിനി വ്യവസായ എസ്റ്റേറ്റിൽ 15 സെന്റ് ഭൂമി തിരിച്ചുപിടിച്ചു. 2.70 ഏക്കർ തിരിച്ചെടുക്കാനുമുണ്ട്. വ്യവസായ പാർക്കുകളിൽ 1.9 ഏക്കർ ഭൂമി തിരിച്ചെടുത്തു 3 ഏക്കർ തിരിച്ചെടുക്കാനുണ്ട്.

കിൻഫ്രയുടെ നിയന്ത്രണത്തിലുള്ള ഭൂമിയിൽ 183.79 ഏക്കർ ഭൂമി തിരിച്ചെടുത്തു 29.1 ഏക്കർ തിരിച്ചെടുക്കാനുണ്ട്.

സെക്ഷൻ ഓഫീസർ